## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3838 17/10/2011-ൽ മറുപടിക്ക്

### ആറളം ഫാമിലെ ആദിവാസി പുനരധിവാസ ഭവന നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും.<br>കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകിയിരുന്ന സഹായ ധനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കുമോ; | എ | ഉണ്ട്. 15.09.2011 ലെ സർക്കാർ ഉത്തരവ് (കൈ നമ്പർ 93/2011/പജപവവിവ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായ തുക 2,50,000/- (രണ്ട ലക്ഷം രൂപ) യായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി | ആറളം ഫാമിലെ ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | ബി | ആറളം ഫാമിലെ ആദിവാസി പുനരധിവാസ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നത് സംബന്ധിച്ച് 11.08.2011 ൽ ബഹു. മുഖ്യമന്ത്രി തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വിളിച്ചു ചേർത്ത യോഗത്തിൽ, ആറളം പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.<br>1. സ്വന്തമായി ഭവന നിർമ്മാണം നടത്താൻ കഴിവുള്ള പട്ടികവർഗ്ഗക്കാരുടെ വീടുകൾ പരമാവധി അവരെക്കൊണ്ടു തന്നെ പൂർത്തീകരിക്കുക.<br>2. സ്വന്തമായി ഭവന നിർമ്മാണം നടത്താൻ ശേഷിയില്ലാത്ത പട്ടികവർഗ്ഗക്കാരുടെ വീടുകൾ ഏതെങ്കിലും അക്രഡിറ്റഡ് ഏജൻസികളെക്കൊണ്ട് പൂർത്തീകരിക്കുക.<br>3. അക്രഡിറ്റഡ് ഏജൻസികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ വീടുകളുടെ നിർമ്മാണം സ്വകാര്യ ഏജൻസികളെക്കൊണ്ട് പൂർത്തീകരിക്കുക.<br>മേൽ തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. 342 കുടുംബങ്ങൾ സ്വന്തമായി ഭവന നിർമ്മാണം ഏറ്റെടുത്തു നടത്തിവരുന്നു. ഇതിൽ 51 എണ്ണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ